# ആദ്യ ഇന്ത്യാ-മ്യാന്മാർ സംയുക്ത ഉപദേശക സമിതി യോഗം

ജൂലൈ 14, 2015

ആദ്യ ഇന്ത്യാ-മ്യാന്മാർ സംയുക്ത ഉപദേശക സമിതി (Joint Consultative Commission -J C C) യോഗം ജൂലൈ 16, 2015, നു നടക്കും. ഇന്ത്യയുടെ വിദേശകാര്യ മന്ത്രിയും മ്യാന്മാർ വിദേശകാര്യ മന്ത്രിയും യോഗത്തില് ആധ്യക്ഷപദം പങ്ക് വയ്ക്കും . മ്യാന്മാറിലെ ആദരണീയനായ വിദേശകാര്യമന്ത്രി യു. വുന്ന മൌങ് ലിംഗ് ഈ യോഗത്തിനായി ഉന്നതതല പ്രതിനിധി സംഘത്തെ നയിക്കും.

ഇന്ത്യയിലെ വിദേശകാര്യ മന്ത്രാലയവും മ്യാന്മാറിലെ വിദേശകാര്യമന്ത്രാലയവും തമ്മിൽ നടന്ന കൂടിയാലോചനാ പെരുമാറ്റച്ചട്ടത്തിന് കീഴില് (പ്രോട്ടോക്കോൾ ഓണ് കൺസൾട്ടേഷൻസിനു) കീഴിൽ ആണ് സംയുക്ത ഉപദേശക സമിതി രൂപീകരിക്കപ്പെട്ടത് . ജനുവരി 2003 ല് മ്യാന്മാര് വിദേശകാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശന സമയത്ത് ഇതില് ഒപ്പ് വച്ചിരുന്നു .

ഈ പ്രഥമ സംയുക്ത ഉപദേശക സമിതി യോഗം വിവിധ മേഖലകളിലെ ഉഭയകക്ഷി സംരംഭങ്ങളിലെ പുരോഗതികൾ അവലോകനം ചെയ്യും. സാധ്യതകൾ ഉള്ള മേഖലകള്, കണ്ടെത്തും. ഉഭയകക്ഷി പങ്കാളിത്തത്തിന് കൂടുതൽ വളരാനാവശ്യമായ നിർദേശങ്ങള് നല്കും. പരസ്പരം താത്പര്യമുള്ള മേഖലാ, അന്താരാഷ്ട്ര വിഷയങ്ങളിൽ ഉള്ള കാഴ്ചപ്പാടുകള് പങ്ക് വയ്ക്കുവാനുള്ള ഒരു അവസരം ഒരുക്കുകയാണ് ഈ യോഗം.

ഇന്ത്യയിലുള്ള സമയം മ്യാന്മാർ വിദേശകാര്യമന്ത്രി ഇന്ത്യയുടെ ആദരണീയനായ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും . ന്യൂഡെൽഹിയിലെ ഫോറിൻ സെർവീസ് ഇൻസ്റ്റിറ്റ്യൂട്ട്

സന്ദർശിക്കും. പ്രതിനിധികൾക്കൊപ്പം ചരിത്രനഗരമായ ജയ്പൂർ അദ്ദേഹം സന്ദർശിക്കും.

ന്യൂഡെൽഹി
ജൂലൈ 15, 2015